വാലൻറയിൻ കഥ

# നീ എൻെറ പ്രിയനെ കണ്ടോ.......?

സരോജ വർഗീസ്സ്, ന്യൂയോർക്ക്




ആ ദിവ്യ സാന്നിദ്ധ്യം ഇപ്പോഴും എപ്പോഴും എനിക്കനുഭവപ്പെടുന്നു. ജീവിതമെന്ന മുന്തിരിത്തോപ്പിൽ ആടിപ്പാടി നടന്നിരുന്ന കാലം. മുന്തിരിച്ചാറിൻെറ മാധുര്യം എന്നും ആസ്വദിക്കാൻ ആഗ്രഹിച്ചിരുന്നവർ ദിവ്യാനുരാഗത്തിൻെറ മായികവലയങ്ങളിൽ പരസ്പരാലിംഗനത്തിൽ ലയിച്ച് നിന്ന മുഹുർത്തങ്ങളിൽ ആ ചുണ്ടിൽ നിന്നും ഉതിർന്ന് വീണ മധുരസ്വരം" "താമരേ, എൻെറ താമരേ". പ്രഭാതസൂര്യൻെറ തലോടലിനുവേണ്ടി വെമ്പി നിന്ന താമരപ്പൂവ്വ് പ്രതിവചിച്ചു. "നാഥാ, നീ എന്തിനുവേണ്ടിയാണ്് ഉദയം ചെയ്യത്. നിൻെറ പുഞ്ചിരിക്ക് വേണ്ടി കാത്ത്നിന്ന താമരമൊട്ടിനെ തലോടി ഉണർത്താൻ വേണ്ടിയല്ലേ"

വികാരങ്ങളുടെ വേലിയേറ്റത്തിൽ ഉതിർന്ന് വീണ നിശ്വാസത്തിൻെറ ചൂട് അനുഭവപ്പെടുന്ന നിമിഷങ്ങൾ. ഞാനെന്നും ഒരു പ്രേമവതിയായിരുന്നു. എങ്കിലും ജലപ്പരപ്പിലെത്തി നിന്നു തൻെറ സൂര്യദേവനു വേണ്ടി മാത്രം വിടരുന്ന താമരയായി വെള്ളത്തിൽ തൊടാതെ നിന്നു.. കാർമേഘങ്ങൾക്കുള്ളിൽ ഒളിഞ്ഞും തെളിഞ്ഞും എന്നെ ഉറ്റ് നോക്കിയിരുന്ന ആ പ്രണയാനുഭവം ഇന്നും എനിക്ക് ഉണർവ് പകരുന്നു. ആ ചുടുനിശ്വാസങ്ങൾക്ക് വേണ്ടി മനസ്സ് കൊതിക്കുന്നു. എൻെറ സർവ്വേശ്വര.. നീ ഇന്ന് എവിടെയാണ്. ഇലകൊഴിഞ്ഞു നിൽക്കുന്ന വൃക്ഷശിഖരങ്ങളെ തലോടിവരുന്ന ശീതക്കാറ്റിനോട് ഞാൻ നിന്നെപ്പറ്റി ചോദിച്ചു. മറുപടിയില്ല. അവയുടെ തലോടലിൽ നിൻെറ ചൂട് അനുഭവപ്പെടുന്നില്ല. പറന്നുപോകുന്ന പക്ഷിജാലങ്ങളോട് ഞാൻ ചോദിച്ചു. "നിങ്ങൾ പറന്നു പോകുന്ന നാട്ടിൽ എൻെറ പ്രാണപ്രിയനെ കാണുമോ"? അവ ചിറകടിച്ച് മറ്റേതോ ദിക്കിലേക്ക് പറന്നുപോയി.

ഭൂതലത്തെ മൂടിക്കിടക്കുന്ന മഞ്ഞിനെ വകവയ്ക്കാതെ മരക്കൊമ്പുകളിലേക്ക് ഓടിക്കയറുന്ന അണ്ണാറക്കണ്ണനു എന്നോട് കരുണ തോന്നിയിട്ടാകണം. അവൻ എന്നെ നോക്കി എന്തോ പറയാൻ ഭാവിച്ചു. ആ ഭാഷ എനിക്ക് വശമില്ലായിരുന്നു. അവനും എന്നെ അവഗണിച്ചു. പ്രിയനെ നഷ്ടപ്പെട്ട് വിരഹിണിയായി കഴിയുന്ന ഒരു മനസ്സിൻെറ വേദന അവനുണ്ടോ അറിയുന്നു.

നീലനഭസ്സിൽ തങ്കത്തളികപോലെ  പ്രശോഭിക്കുന്ന അമ്പിളിമാമനും മിന്നത്തിളങ്ങുന്ന താരാഗണങ്ങൾക്കും എന്നെ സഹായിപ്പാനാകുന്നില്ലല്ലോ? പ്രിയപ്പെട്ടവനെ, നീ എവിടെയാണു. വെള്ളിത്താലത്തിൽ പൂജാപുഷ്പവുമായി കാത്തിരിക്കുന്ന നിന്റെ പ്രേമഭിക്ഷുകിയിൽ നിന്നും നീ എന്തിനു ഒളിഞ്ഞിരിക്കുന്നു? എന്റെ പ്രിയനെ തിരിച്ച് വരൂ. ഞാൻ നിനക്കായ് അണിഞ്ഞൊരുങ്ങി നിൽക്കുന്നു.

സ്ഫടിക ജാലകങ്ങളിലൂടെ പ്രഭാതസൂര്യന്റെ  തങ്കക്കതിരുകൾ മുറിക്കുള്ളിലേക്കെത്തി നോക്കിയപ്പോൾ, ജനാലവിരികളെ വകഞ്ഞ് മാറ്റി കൊണ്ട്  ഞാൻ സൂര്യദേവനോട് ആവശ്യപ്പെട്ടു. “ഇന്നത്തെ നിന്റെ സവാരിയിൽ എന്റെ പ്രിയനെ കാണണം, അവന്റെ പ്രിയപ്പെട്ടവൾ അവനായ് കാത്തിരിക്കുന്നതായി അറിയിക്കണം”

സായംസന്ധ്യയിൽ പശ്ചിമാംബരത്തിൽ കുങ്കുമം വാരിവിതറിക്കൊണ്ട് ആഴിയുടെ മാറിടത്തിലേക്ക് തല ചായ്ച്ചപ്പോഴും സൂര്യനോട് ചോദിച്ചു. “നീ എന്റെ പ്രിയനെകണ്ടുവോ? എന്റെ പ്രിയനെ കണ്ടോ”? എന്റെ ചോദ്യം ചെവികൊള്ളാതെ സൂര്യദേവൻ ആഴിയുടെ അഗാധതയിലേക്ക് മറഞ്ഞ് പോയി. എന്റെ സൂര്യൻ എന്നിൽ നിന്നും മറഞ്ഞ്പോയി.

ഫെബ്രുവരി 14 പ്രണയദിനമത്രെ.  പാശ്ചാത്യസംസ്കാരത്തിൽ നിന്നും അനുകരിക്കപ്പെട്ട മറ്റൊരു സുദിനം. യൗവ്വനയുക്തരായ കാമുകർ തന്റെ പ്രണയിനികളുടെ  യുവത്വമാർന്ന ഹ്രുദയത്തിന്റെ ഉള്ളറകളിലേക്ക് മലർശരങ്ങൾ എയ്യുന്ന ദിവസം. കഴിഞ്ഞ്പോയ  വസന്തങ്ങളെ അയവിറക്കിക്കൊണ്ട് അൽപ്പം മധുരം പകരാൻ നീ വരില്ലേ. പ്രണയവിവശനായ നിന്റെ വാസനതൈലം എനിക്ക് ചുറ്റും മാദകഗന്ധം പരത്തുന്നു. നിന്റെ ചുടുനിശ്വാസങ്ങൾ എന്റെ പിൻ കഴുത്തിൽ അനുഭവപ്പെടുന്നു. പ്രിയ ജോ, നീ തിരിച്ച് വരാത്ത ലോകത്താണെന്നറിഞ്ഞിട്ടും നിന്റെ സാന്നിദ്ധ്യം എനിക്ക് ചുറ്റുമുണ്ട്. ഞാൻ വെറുതെ തിരിഞ്ഞ് നോക്കുമ്പോൾ നീ ഇല്ലാത്ത ശൂന്യത. ആ സ്വരം മാത്രം ഞാൻ കേൾക്കുന്നു. “എന്തിനു വേറൊരു സൂര്യോദയം ഞാൻ നിന്നരുകിലില്ലേ?”.

-----------------------------------------